I.ഇ.ബി.XIകേരള നിയമസഭ/IV28

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 25, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

(1) കാർഷികമേഖല നേരിടുന്ന പ്രതിസന്ധി.

ശ്രീ. കെ.കെ. ജയചന്ദ്രൻ: കേന്ദ്രഗവൺമെന്റിന്റെ ഡബ്ല്യു.ടി.ഒ. യുമായുള്ള എഗ്രിമെന്റ് വ്യവസ്ഥകളാണ് കേരളത്തിലെ കാർഷിക മേഖലയുടെ തകർച്ചയ്ക്ക് ഇടയാക്കിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കാർഷിക വിളകളുടെ വിലത്തകർച്ചയുടെ ഫലമായി 135 കർഷകരാണ് ഈ കാലഘട്ടത്തിൽ ആത്മഹത്യ ചെയ്തത്. 2000–2001–ൽ 6645 കോടി രൂപയുടെ സാമ്പത്തിക നഷ്ടവും ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഈ സ്ഥിതി തുടരുകയാണ്. ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രഗവൺമെന്റ് ഇതുവരെ അംഗീകരിച്ചിട്ടില്ല. ഈ പ്രതിസന്ധി നേരിടുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി നിയമിച്ച കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവന്നിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ശ്രമഫലമായി പാമോയിലിന്റേയും കുരുമുളകിന്റേയും തേയിലയുടേയും ഇറക്കുമതി തീരുവ ഉയർത്താൻ

കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ രംഗത്ത് യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച 500 കോടി രൂപയുടേയും 30 കോടി രൂപയുടേയും പാക്കേജ് പദ്ധതിയുടെ ഗുണം കൃഷിക്കാർക്ക് ലഭിച്ചിട്ടില്ല. തേയിലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഇറക്കുമതി തീരുവ 100 ശതമാനമായിട്ട് വർദ്ധിപ്പിക്കുകയും അന്താരാഷ്ട്ര മാർക്കറ്റിൽ കൂടുതൽ ഇടം കണ്ടെത്തുകയും ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുകയും വേണം. റി-എക്സ്പോർട്ടിന് എന്ന നിലയിൽ ഇറക്കുമതി ചെയ്യുന്ന ഇൻഡ്യൻ കുരുമുളക് മിക്സ് ചെയ്ത് അയയ്ക്കുന്നതുകാരണം വിദേശ മാർക്കറ്റിൽ കുരുമുളകിന് വില കുറയുന്നു. കാപ്പിക്കുരു കുറഞ്ഞ വിലയ്ക്ക് ഇവിടെനിന്നും വാങ്ങി വിദേശത്തു കൊണ്ടുപോയി കാപ്പിപ്പൊടിയാക്കി കൂടിയ വിലയ്ക്ക് ഇൻഡ്യയിലെ മാർക്കറ്റിൽ വിൽക്കുന്നതു കാരണം യഥാർത്ഥ കർഷകന് പ്രയോജനം കിട്ടുന്നില്ല. അതിനാൽ അതിന്റെ ഇറക്കുമതി തീരുവ 300 ശതമാനം വരെ വർദ്ധിപ്പിക്കണം. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി കുറഞ്ഞിട്ടുണ്ടെങ്കിലും റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങൾ ധാരാളം ഇറക്കുമതി ചെയ്യപ്പെടുന്നതിനാൽ അവയ്ക്ക് കൂടുതൽ നികുതി ചുമത്തണം. ടയർ മുതലാളിമാരുടെ സമ്മർദ്ദത്തിനു വഴങ്ങി ഗവൺമെന്റ് റബ്ബർ സംഭരണത്തിൽനിന്നും പിൻവാങ്ങാൻ ശ്രമിക്കുന്നത് ശരിയല്ല. കർഷകർ ആത്മഹത്യ ചെയ്യുന്നുവെങ്കിൽ കർഷക തൊഴിലാളികളുടെ സ്ഥിതി എന്തായിരിക്കുമെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരിഹാരം കാണുന്നതിനും യോജിച്ച നിലപാട് സ്വീകരിക്കാൻ തയ്യാറാകണം.

കൃഷിയും കയറും വകുപ്പുമന്ത്രി (<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ):</u> ഡബ്ള്യു.ടി.ഒ. യുമായുള്ള എഗ്രിമെന്റ് നമ്മുടെ കാർഷികോല്പന്നങ്ങളുടെ വില കുറയാനുണ്ടായ കാരണങ്ങളിലൊന്നു മാത്രമാണ്. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച കാരണം കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നുവെന്നതു സംബന്ധിച്ച് യാതൊരു ഔദ്യോഗിക കണക്കും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. ഡബ്ള്യു.ടി.ഒ. യുമായിട്ടുള്ള എഗ്രിമെന്റിന്റെ ഫലമായി കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി മൂലം നമ്മുടെ കാർഷികോല്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടായിട്ടുണ്ട്. താഴ്ന്ന ഉല്പാദന മൂല്യവും ഉയർന്ന ഉല്പാദനച്ചെലവും നമ്മുടെ ഉല്പന്നങ്ങളെ ലോക വിപണിയിൽ അനാകർഷകമാക്കിയിട്ടുണ്ട്. വ്യവസായികൾ വിലകുറഞ്ഞ കാർഷിക അസംസ്കൃത ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതു കാരണം ആഭ്യന്തര ഉപഭോഗം കുറയുന്നുവെന്നു മാത്രമല്ല ഗുണനിലവാരം കുറഞ്ഞ കാർഷി കോല്പന്നങ്ങൾ നമ്മുടെ ഉല്പന്നങ്ങളുമായി കൂട്ടിക്കലർത്തി വിൽക്കുന്നതു കാരണം നമ്മുടെ ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ വില കുറയുകയും ചെയ്യുന്നു. വർദ്ധിച്ച ഉല്പാദനച്ചെലവും ഉല്പന്നങ്ങളുടെ വിലക്കുറവും കാരണം കർഷകർ വളരെയേറെ വിഷമതയിലാണ്. ഉദാരവത്കരണത്തിന്റെ ഭാഗമായി കാർഷികോല്പന്നങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്യുന്നതിനാൽ നമ്മുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്നു. ഇതൊക്കെ നിയന്ത്രിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയമിച്ച ഡോക്ടർ സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ട് ഉടനെ ലഭിക്കുന്നതാണ്. തേയില ഇൻഡസ്ട്രിയൽ പ്രോഡക്ടായിട്ടാണ് കണക്കാക്കിയിരിക്കുന്നതെങ്കിലും തേയിലത്തോട്ടം തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഫുഡ് ഫോർ വർക്ക് സ്കീം ഈ മേഖലയിൽകൂടി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. റബറിന്റെ കാര്യത്തിൽ, സംസ്ഥാന ഗവൺമെന്റ് തുടർച്ചയായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഇമ്പോർട്ട് ഡ്യൂട്ടിയില്ലാതെ റബർ ഇറക്കുമതി ചെയ്തുകൊണ്ടിരുന്നത് നിർത്തലാക്കി. കൂടാതെ ഒറ്റ തുറമുഖത്തിൽ കൂടി മാത്രമേ

റബർ കയറ്റുമതി ചെയ്യാവൂ എന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഇതിന്റെ ഫലമായി റബറിന്റെ വില കൂടിയിട്ടുണ്ട്. ഗവൺമെന്റ് നിശ്ചയിച്ച വിലയ്ക്ക് കച്ചവടക്കാർ റബർ വാങ്ങാതിരിക്കാൻ ശ്രമം നടത്തിയപ്പോൾ പുതിയ ഏജൻസിയെ വച്ച് വാങ്ങാൻ നടപടി സ്വീകരിക്കുകയുണ്ടായി. പൊതുവെ കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. തെങ്ങുരോഗം മൂലമുള്ള ഉൽപ്പാദനക്കുറവും തേങ്ങയുടെ വിലക്കുറവും ഡബ്ളിയു.ടി.ഒ. എഗ്രിമെന്റുമൊക്കെ നാളികേര കൃഷിയെ തകർത്തിരിക്കുന്നു. കാർഷിക രംഗത്ത് വളരെയധികം നഷ്ടമുണ്ടാകുന്നത് കർഷകനു് കൃഷി ചെയ്യുന്നതിനുള്ള താൽപര്യം കുറയ്ക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി രണ്ടു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചുകഴിഞ്ഞു. കൂടാതെ ബയോടെക്നോളജിയും ഐ.ടി.യും കൂടി ചേർത്തുകൊണ്ട് പരീക്ഷണാർത്ഥം ഒരു സാറ്റലൈറ്റ് വിക്ഷേപിക്കുകയും സാറ്റലൈറ്റ് മുഖാന്തിരം കൃഷി ആഫീസുകളിലും മറ്റു സ്ഥലങ്ങളിലും കൃഷി സംബന്ധമായ വിജ്ഞാനം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. കാർഷികരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിച്ചുവരികയാണ്. കേരളത്തിലെ കർഷകരെ രക്ഷിക്കുന്നതിന് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താം.

(2) <u>ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മുടങ്ങിക്കിടക്കുന്നതുമൂലം കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. എം.എ. ചന്ദ്രശേഖരൻ</u>: കേരളത്തിലെ കൃഷിവകുപ്പിന്റെ കെടുകാര്യസ്ഥതയും കഴിവുകേടും അഴിമതിയുംകൊണ്ട് 210 കോടി രൂപ പാഴായിപ്പോയി. സി.സി.ഡി.പി., പി.എം.എസ്. എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചതും എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയതുമാണ്. സമഗ്ര തെങ്ങുകൃഷി വികസനത്തിനുവേണ്ടി അനുവദിച്ച ജലസേചന പദ്ധതിയുടെ പണി പൂർത്തീകരിക്കാത്തതിനാൽ പദ്ധതികളുടെ ഉദ്ദേശിച്ച ഫലം കർഷകർക്ക് ലഭിച്ചില്ല. സി.സി.ഡി.പി.യിൽ 13-ഉം പി.എം.എസ്സിൽ 14-ഉം പദ്ധതികളാണുണ്ടായിരുന്നത്. ഈ പദ്ധതികൾ പൂർത്തിയാക്കി വാല്യുവേഷൻ നടത്തി അതാതു പഞ്ചായത്തുകൾക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കണം. കോടികൾ മുടക്കി നടത്തിയ പദ്ധതികൾ ശരിയായി മോണിറ്റർ ചെയ്യുന്നതിൽ കൃഷിവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻമാർ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നതായി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിക്കുകയും മുന്നറിയിപ്പ് നല്കുകയും ചെയതിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, തൃശൂർ, എറണാകുളം എന്നീ ജില്ലകളിൽ അനുവദിച്ച പദ്ധതികളുടെ സ്ഥിതിയും ഇതുതന്നെയാണ്. പദ്ധതികൾ പൂർത്തിയായെങ്കിലും വാലുവേഷൻ നടത്താത്തതിന്റെ ഫലമായി കൃഷിക്കാർക്ക് വെള്ളം കിട്ടുന്നുമില്ല. ലക്ഷക്കണക്കിന് രൂപയുടെ പമ്പ് സെറ്റുകൾ തുരുമ്പെടുത്ത് നശിക്കുന്നു. സംസ്ഥാനത്തൊട്ടാകെ സി.സി.ഡി.പി., പി..എം.എസ്. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ അവതാളത്തിലാണ്. 650 പദ്ധതികളിൽ 445 എണ്ണത്തിന്റെ പണി പൂർത്തിയായിയെങ്കിലും വാല്യുവേഷൻ നടത്തിയിട്ടില്ല. എത്രയും വേഗം വാല്യുവേഷൻ നടത്തി പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി <u>(ശ്രീമതി കെ.ആർ ഗൗരിയമ്മ):</u> സമഗ്രതെങ്ങ് വികസന പദ്ധതിയേയും പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയേയും കൂറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. 1992-93-ൽ ആരംഭിച്ച ഈ പദ്ധതികൾ പഞ്ചായത്തുകളും ഡിപ്പാർട്ടുമെന്റുകളും ചേർന്നാണ്

നടത്തേണ്ടത്. 1565 പദ്ധതികൾ ഉള്ളതിൽ ചിലതിന്റെ പ്രവർത്തനം പഞ്ചായത്തുകൾ പിൻവാങ്ങിയതുകൊണ്ടും കോൺട്രാക്ടർമാരുടെ തർക്കമുള്ളതുകൊണ്ടും നടന്നിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം അവ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ 14 പദ്ധതികളിൽ 11-ഉം നടപ്പിലാക്കിക്കഴിഞ്ഞു. മൂന്നെണ്ണത്തിന്റേത് തർക്കമുള്ളതുകൊണ്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതിന്റെ വാലുവേഷൻ നിശ്ചയിച്ചുകൊണ്ട് നടപടിയെടുക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## സബ്മിഷൻ

1. <u>മടവൂർപാറയും ഗുഹാക്ഷേത്രവും ചേങ്കോട്ടുകോണം മഠാധികാരികൾ കൈവശപ്പെടുത്തുവാൻ നടത്തുന്ന നീക്കം</u>

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പുരാവസ്തു സംരക്ഷണ സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന തിരുവനന്തപുരം ജില്ലയിലെ മടവൂർപാറ ഗുഹാക്ഷേത്രത്തിന്റേയും പാറയുടെയും നേരെ കയ്യേറ്റം നടന്നിരിക്കുന്നു. കയ്യേറ്റക്കാരിൽനിന്നും ആ സ്ഥാപനത്തെ രക്ഷിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അടുത്തകാലത്തായി ഗവൺമെന്റ് ഭീകര സംഘടന എന്നുള്ള നിലയിൽ പ്രസിദ്ധീകരിച്ച പട്ടികയിലെ പാർട്ടിക്കാരന്റെ നേതൃത്വത്തിൽ ആ പാറയും പ്രദേശവുമെല്ലാം കയ്യടക്കുന്ന അത്യന്തം ഹീനമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥൻമാർ പറയുന്നത് അതെല്ലാം ഗവൺമെന്റ് വക സ്ഥലങ്ങളാണെന്നാണ്. സംരക്ഷിത സ്മാരകങ്ങൾക്ക് പരിരക്ഷ നൽകാൻ ചുമതലപ്പെട്ട അധികാരികൾ നിയമവിരുദ്ധ നടപടികൾ സ്വീകരിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് ഒരു ബോർഡ് വച്ചിട്ടുള്ളതല്ലാതെ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അവിടത്തെ ക്ഷേത്രകാര്യങ്ങൾ നോക്കുന്നതിന് കളക്ടർ ചുമതലപ്പെടുത്തിയ കമ്മിറ്റിയെ പുറംതള്ളി സ്വാമി സത്യാനന്ദസരസ്വതിയുടെ നേതൃത്വത്തിൽ കമ്മിറ്റി പുന:സംഘടിപ്പിച്ചു എന്നും ആ കമ്മിറ്റിയെ ഉപയോഗപ്പെടുത്തി ഈ സംരക്ഷിതകേന്ദ്രത്തിലെ ക്ഷേത്രവും സ്ഥാപനങ്ങളും കയ്യടക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുവെന്നുമാണ് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. സംരക്ഷിതസ്ഥാപനങ്ങളുടെ നേരെയുള്ള ഇത്തരം കയ്യേറ്റങ്ങൾ കണ്ടില്ലെന്നു നടിക്കുന്നത് ശരിയല്ല. ഇത്തരം നിയമവിരുദ്ധ നടപടികൾ നടത്തുന്നവരുടെ ആശ്രമവുമായി ബന്ധപ്പെട്ട സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിന് മുഖ്യമന്ത്രി പോകുകയുണ്ടായി. ഈ കയ്യേറ്റം സംബന്ധിച്ച ഗവൺമെന്റ് നിലപാട് വ്യക്തമാക്കുകയും ക്ഷേത്രസംരക്ഷണം വിശ്വാസികളായിട്ടുള്ള നാട്ടുകാരുടെ കമ്മിറ്റിയെയോ പഞ്ചായത്തിനെയോ ബ്ലോക്കിനെയോ ഏൽപ്പിക്കുകയും ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. ടി.എം. ജേക്കബ്</u>): മടവൂർപ്പാറ ഗുഹാക്ഷേത്രവും ചുറ്റുമുള്ള 6.43 ഹെക്ടർ സ്ഥലവും 1974-ൽ സംരക്ഷിതസ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. 1968-ലെ കേരള എൻഷ്യന്റ് മോണ്യുമെന്റ്സ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമയിൻസ് ആക്ട് പ്രകാരം സംരക്ഷിതസ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങൾ റവന്യൂ പുറമ്പോക്ക് എന്നു പ്രൊസീഡ്യുവറിൽ കാണിച്ചിട്ടുള്ളതിനാൽ ചില അനധികൃത കയ്യേറ്റങ്ങളുണ്ടായിട്ടുണ്ട്. 1998-ൽ ഈ പ്രദേശം അനധികൃതമായി കയ്യേറി ചില നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിരുന്നു. അന്ന് ഈ വിഷയം സഭ മുമ്പാകെ വന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ച് ഡീമാർക്കേറ്റ് ചെയ്യാൻ നടപടികളാരംഭിച്ചു. 1998-നുശേഷം അവിടെ

നിർമ്മാണപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. സ്ഥലം ഡീമാർക്കേറ്റ് ചെയ്യുകയെന്നുള്ളതാണ് അടിയന്തിരമായ ആവശ്യം. റവന്യൂ അധികാരികൾ ആവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. നിയമപ്രകാരം ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റും സ്വീകരിക്കുന്നതാണ്.

സംരക്ഷിതസ്മാരകമായി പ്രഖ്യാപിച്ച സ്ഥലം അനധികൃതമായി ആര് കയ്യേറിയാലും അവരെ ഒഴിപ്പിക്കുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രതിപക്ഷ നേതാവ് സംസാരിച്ചത് നിർഭാഗ്യകരമാണ്. ഇത് രണ്ടും രണ്ട് വ്യത്യസ്ത വിഷയങ്ങളാണ്. മടവൂർപ്പാറ ക്ഷേത്രത്തിലെ പ്രശ്നമുണ്ടായത് ഇപ്പോഴാണ്. മാസങ്ങൾക്കുമുമ്പാണ് മുഖ്യമന്ത്രി ചേങ്കോട്ടുകോണം ആശ്രമത്തിലെ ചടങ്ങിൽ പങ്കെടുത്തത്.

(2) ബാംബൂ കോർപ്പറേഷൻ നഷ്ടത്തിലേയ്ക്ക് നീങ്ങുന്നത് സംബന്ധിച്ച്

ശ്രീ. പി.ജെ. ജോയി: ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് വരുന്ന ബാംബൂ ഉൽപ്പന്നങ്ങളെ നിയന്ത്രിച്ച് നഷ്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ബാംബൂ കോർപ്പറേഷനെ രക്ഷിക്കുകയും ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): അസ്സം, മേഘാലയ, നാഗാലാന്റ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് ബാംബൂ ഉല്പന്നങ്ങൾ ആകർഷകമായ റേറ്റിൽ സംസ്ഥാനത്ത് വിൽപ്പനയ്ക്ക് എത്തുന്നതുകൊണ്ടാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ബാംബൂ പ്ളൈ ഉൽപ്പന്നങ്ങൾക്ക് വിപണന സാദ്ധ്യത കുറയുന്നത്. സംസ്ഥാനത്തിനു പുറത്തുനിന്നു വരുന്ന സാധനങ്ങൾക്ക് എൻട്രി ടാക്സ് ഏർപ്പെടുത്തി നിയന്ത്രിക്കണമെന്നുള്ള നിർദ്ദേശം വളരെ ആലോചിച്ചു ചെയ്യേണ്ട ഒരു പ്രശ്നമാണ്. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ ഉൽപ്പന്ന ങ്ങൾക്കുള്ള വിൽപ്പനമാന്ദ്യവും തൊഴിലാളികളുടെ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

(3) കണ്ണൂർ ജില്ലയിലെ പുരളിമലയിലെ ഭൂമി തിരിമറി

ശ്രീ. പി. ജയരാജൻ: കണ്ണൂർ ജില്ലയിലെ ശിവപുരം വില്ലേജിൽപ്പെട്ട പുരളിമലയിലെ നൂറ് ഏക്കറോളം ഭൂമി വ്യാജരേഖകൾ ചമച്ച് തട്ടിയെടുത്ത് ബാങ്കുകളിൽനിന്ന് ലോൺ എടുക്കാനുള്ള പരിശ്രമം ചിലർ നടത്തിക്കൊണ്ടിരിക്കുന്നത് അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പുരളിമലയിലെ 99 ഏക്കർ മിച്ചഭൂമി ഹൈക്കോടതിയുടെ സ്റ്റേമൂലം ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. വ്യാജരേഖകൾ

ചമച്ച് പ്രസ്തുത ഭൂമി തട്ടിയെടുക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് അത്തരത്തിലുള്ള വ്യാജരേഖകൾ റദ്ദ് ചെയ്യുന്നതിന് ശ്രമിക്കുന്നതാണ്.

## (4) കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ അടിയന്തിര ആവശ്യങ്ങൾ

(ഇതേ വിഷയം സഭയിൽ ഉന്നയിക്കുന്നതിന് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, തേറമ്പിൽ രാമകൃഷ്ണൻ, ടി.കെ.ബാലൻ എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. ടി.എൻ. പ്രതാപൻ: കേരള സംസ്ഥാനത്തിലെ മുഴുവൻ പെൻഷൻകാർക്കും മണി ഓർഡറായി പെൻഷൻ അയയ്ക്കുക, പെൻഷൻ നിയമം സമഗ്രമായി പരിഷ്ക്കരിക്കുക, ചികിൽസാപദ്ധതി പ്രാവർത്തികമാക്കുക, വിവിധ ക്ഷേമപദ്ധതികൾ പുനരാരംഭിക്കുക, പെൻഷൻ-ഡി.എ. കുടിശ്ശികകൾ ഉടൻ അനുവദിക്കുക, പെൻഷൻ പരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുക മുതലായ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ ജീവൽപ്രധാന ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർക്കാർ ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുന്നതോടൊപ്പം പെൻഷൻകാർക്കും ക്ഷാമബത്ത അനുവദിക്കാറുണ്ട്. 1.7.1999 മുതലും 1.1.2000 മുതലും കുടിശ്ശികയായ രണ്ടു ഗഡു ക്ഷാമബത്ത പെൻഷൻകാർക്കും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തോടൊപ്പമാണ് പെൻഷൻ പരിഷ്കരണവും നടപ്പിൽ വരുത്താറുള്ളത്. ദിവസങ്ങൾ കണക്കാക്കി പെൻഷൻകാർക്ക് ഫെസ്റ്റിവൽ അലവൻസ് അനുവദിക്കാൻ സാമ്പത്തിക പരിമിതി മൂലം നിർവ്വാഹമില്ല. മിനിമം പെൻഷൻ വാങ്ങുന്നവർ, 75 വയസ്സിനു മുകളിലുള്ളവർ, ട്രഷറിയിൽ എത്തിച്ചേരാൻ കഴിയാത്ത വികലാംഗർ, ഗുരുതരമായ അസുഖംമൂലം ക്ളേശിക്കുന്നവർ, മാനസിക വൈകല്യമുള്ളവർ, തുടങ്ങിയ വിഭാഗങ്ങളിൽപെട്ട പെൻഷൻകാർക്ക് സർക്കാർ ചെലവിൽ മണി ഓർഡറായി പെൻഷൻ തുക അയച്ചുകൊടുക്കാൻ ഉത്തരവ് കൊടുത്തിട്ടുണ്ട്. 1983-84 കാലത്തെ പെൻഷൻ പരിഷ്കരണത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ പരിഹരിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പെൻഷൻ പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സമഗ്രമായ ഒരു പെൻഷൻ നിയമം രൂപീകരിച്ച് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാണ്.

## (5) മാനസിക രോഗികളെ ശുശ്രൂഷിക്കുന്ന കേന്ദ്രങ്ങൾക്ക് രജിസ്ട്രഷൻ ഫീസ് ഏർപ്പെടുത്തൽ

ശ്രീ. പി.സി. ജോർജ് : സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യ സേവനം എന്ന നിലയിൽ മാനസികരോഗികളും മന്ദബുദ്ധികളുമായവരെ ശുശ്രൂഷിക്കുന്ന കേന്ദ്രങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റ് അടുത്തകാലത്ത് ഉണ്ടാക്കിയ നിയമപ്രകാരം അവയ്ക്ക് രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. 31-6-02-ന് മുമ്പ് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കാത്ത സ്ഥാപനങ്ങളെ തുടരാൻ അനുവദിക്കില്ലെന്ന് പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ

കേന്ദ്ര നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത കേന്ദ്രങ്ങളിൽ കഴിയുന്ന അഗതികളെ സംരക്ഷിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): തമിഴ്നാട്ടിലെ ഏർവാടി ദുരന്തത്തെത്തുടർന്ന് സുപ്രീം കോടതിയിൽ കേസ് വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. 40-ഓളം സ്ഥാപനങ്ങൾക്ക് ആരോഗ്യ വകുപ്പിൽ ഉടൻ രജിസ്റ്റർ ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് കൊടുത്തിട്ടുണ്ട്. കേരളത്തിലെ സന്നദ്ധ സംഘടനകൾ നടത്തുന്ന ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്.. ആശ്വാസകേന്ദ്രങ്ങളെ ക്കുറിച്ച് പരിശോധിക്കാനും രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ഫോർമാലിറ്റീസ് പാലിക്കാനും ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളും സർക്കാർ ഗൗരവപൂർവം പരിശേധിക്കുന്നതാണ്.

(6) പൂട്ടിക്കിടക്കുന്ന പഞ്ചസാര മില്ലുകൾ

ശ്രീ.കെ.കെ.ഷാജു: പന്തളത്തെ മന്നം ഷുഗർ മിൽ ഉൾപ്പെടെ കേരളത്തിലെ പ്രധാനപ്പെട്ട പഞ്ചസാര മില്ലുകൾ പ്രവർത്തനരഹിതമായിരിക്കുന്നു. വർഷങ്ങളായി അടഞ്ഞുകിടക്കുന്ന അവയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി): ഈ മില്ലുകളുടെ ഭരണം എക്സൈസ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതാണ് നല്ലതെന്നു പറഞ്ഞു കൊണ്ടുള്ള ഒരു നിർദ്ദേശം വകുപ്പുമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. ധനകാര്യ വകുപ്പ് അത് പരിശോധിച്ചുവരികയാണ്. പന്തളത്തെ ഷുഗർ മില്ലിന്റെ പ്രവർത്തനം ഉടൻതന്നെ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

അണ്ടർ വാലേഷൻ നടപടികൾക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായം

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ.സി.എഫ്. തോമസ്): 31.3.2002 വരെയുള്ള കണക്ക് അനുസരിച്ച് ഭൂമിയുടെ യഥാർത്ഥ വിലയിൽനിന്ന് കുറഞ്ഞ വിലയിൽ ആധാരം രജിസ്ട്രേഷൻ നടത്തിയ കേസ്സുകൾ 8,78,008 എണ്ണമാണ്. അണ്ടർ വാലേഷൻ കേസ്സുകൾ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീയും 337 കോടി രൂപയോളം വരും. നിലവിൽ അണ്ടർ വാലേഷൻ കേസ്സുകൾ തീർപ്പാക്കുന്ന നടപടിക്രമം ബുദ്ധിമുട്ടേറിയതും സമയദൈർഘ്യം ആവശ്യമുള്ളതുമാണ്. സർക്കാരിന് ലഭിക്കേണ്ട ഒരു വലിയ തുക വസൂലാക്കപ്പെടാതെ കിടക്കുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത്. കൂടാതെ അണ്ടർ വാലേഷൻ നടപടിക്രമങ്ങൾ മൂലം ബന്ധപ്പെട്ട കക്ഷികൾക്ക് ഒബ്ജക്ഷൻ ഫയൽ ചെയ്യുക, നിശ്ചയിക്കപ്പെട്ട

ദിവസങ്ങളിൽ ഹിയറിംഗിന് ഹാജരാകുക തുടങ്ങിയ കാര്യങ്ങളിൽ വളരെയേറെ അസൗകര്യങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31.3.2002 വരെ തീർപ്പാകാതെ കിടക്കുന്ന അണ്ടർ വാലേഷൻ കേസ്സുകളിൽ ബന്ധപ്പെട്ട കക്ഷികൾ ഇതിനോടകം അടച്ചുതീർത്ത സ്റ്റാമ്പ് ഡ്യൂട്ടിക്കും രജിസ്ട്രേഷൻ ഫീസിനും പുറമേ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനാൽ കുറവായി കണക്കാക്കപ്പെട്ടിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഉൾപ്പെടെയുള്ള തുകയുടെ 30 ശതമാനം കൂടി അടച്ചാൽ ബന്ധപ്പെട്ട ആധാരങ്ങളെ അണ്ടർ വാലേഷൻ നടപടികളിൽനിന്നും പൂർണ്ണമായി ഒഴിവാക്കുന്ന രീതിയിലുള്ള ഒരു കോമ്പൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ റവന്യൂ റിക്കവറിക്ക് വിധേയമായിട്ടുള്ള അണ്ടർ വാലേഷൻ കേസ്സുകൾ പിൻവലിച്ച് കോമ്പൗണ്ടിംഗ് സമ്പ്രദായത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട കക്ഷികൾ ഭാഗികമായോ മുഴുവനായോ തുക അടച്ചിട്ടുണ്ടെങ്കിൽ അവർ ഈ പദ്ധതിയിൽ ഉൾപ്പെടുകയില്ല. കോമ്പൗണ്ടിംഗ് സമ്പ്രദായം ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ ഇറങ്ങുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് പ്രാബല്യത്തിൽ വരുന്നതും ഇതിന്റെ പ്രയോജനം ഒരിക്കൽ മാത്രമായിട്ടുള്ളതും ആയിരിക്കും.

## നിയമനിർമ്മാണ കാര്യം

2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം
(തുടർചർച്ച)

(ട്രൈബൽ സബ് പ്ലാൻ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാത്തതിന്റെ പേരിൽ പിന്നോക്ക - പട്ടിക ക്ഷേമ വകുപ്പുമന്ത്രി രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. ആര്യാടൻ മുഹമ്മദ്: (തുടർച്ച) ഈ ബില്ലിന്റെ ഒന്നു മുതൽ മൂന്നുവരെയുള്ള വകുപ്പുകളെ ക്കുറിച്ച് സംസാരിച്ചപ്പോൾ മുൻ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഓർഡിനൻസിനെക്കുറിച്ച് പരാമർശിച്ചതുകൊണ്ട് ഇന്ന് ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ പ്രതിപക്ഷത്തുനിന്നും ആരും പ്രസംഗിക്കേണ്ടെന്ന് അവരുടെ പാർലമെന്ററി പാർട്ടി തീരുമാനം എടുത്തിട്ടുണ്ട്. അതുകൊണ്ടാണ് പ്രതിപക്ഷം ഇത്തരത്തിൽ തടസ്സം സൃഷ്ടിക്കുന്നത്.

. . . . ബഹളം . . . . .

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭിഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

സഭ രാവിലെ 10.30-ന് പിരിഞ്ഞു.